**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1513** **19-06-2024 - ൽ മറുപടിയ്ക്ക്**

**റിക്രൂട്ട്മെന്റ് ഏജൻസികളുടെ വിശ്വാസ്യത ഉറപ്പ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദേശത്തേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ഏജൻസികളുടെ വിശ്വാസ്യത ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ഇന്ത്യ ഗവൺമെന്റിന്റെ കീഴിലുള്ള മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് ആണ് വിദേശ റിക്രൂട്ട്മെന്റ് ഏജൻസികൾക്കുള്ള ലൈസൻസ് നൽകുന്നത്. ഈ ലൈസൻസ് നേടിയവർക്ക് മാത്രമേ വിദേശത്തേക്ക് ആളുകളെ റിക്രൂട്ട് ചെയ്യാൻ അനുമതിയുള്ളൂ. ഇത് കൂടാതെ 17 രാജ്യങ്ങളിലേക്ക് എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതെല്ലാം ഈ രംഗത്തുള്ള ചൂഷണങ്ങളെ പരമാവധി തടയുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. 1977 ൽ ആരംഭിച്ച ഒഡെപെക് ഇത്തരത്തിൽ ലൈസൻസ് നേടിയ ഏജൻസി ആണ്. നമ്മുടെ നാട്ടിലെ അഭ്യസ്ഥവിദ്യരായ തൊഴിലന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും അല്ലാതെയുമുള്ള തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ചുരുങ്ങിയ ചെലവിൽ അവരെ ജോലികളിൽ നിയോഗിക്കുക എന്നതാണ് ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. വിദേശ തൊഴിലുടമയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ അന്വേഷിച്ചതിനുശേഷം മാത്രമേ തൊഴിൽ-ദാതാക്കളുമായി ഒഡെപെക് റിക്രൂട്ട്മെന്റ് നടത്താറുള്ളൂ. ഈ തൊഴിൽദാതാക്കൾ ECR രാജ്യങ്ങളിൽ നിന്നുള്ളവരാണെങ്കിൽ അവരുടെ പൂർണ്ണ വിവരങ്ങൾ (വിസ, ആസ്തി, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിവ) ഇന്ത്യാ ഗവൺമെന്റിന്റെ ഇ-മൈഗ്രേറ്റ്സ് സൈറ്റിൽ രേഖപ്പെടുത്തി ഒഡെപെകിന്റെ പേരിൽ ഡിമാൻറും പവർ ഓഫ് അറ്റോർണിയും നേടിയവർ ആയിരിക്കണം. മറ്റു രാജ്യങ്ങളിലുള്ള തൊഴിൽ ദാതാക്കളുടെ വിവരങ്ങൾ എംബസി പോലുള്ള വിശ്വാസകേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | അന്വേഷണം നടത്തി ബോധ്യപ്പെട്ടതിനു ശേഷം മാത്രമാണ് അവരുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നത്. |
| (ബി) | വിദേശത്തേക്ക് ജോലിക്കായും പഠനത്തിനായും പോകുന്നവർക്കുള്ള സേവനങ്ങൾ ചെയ്തുനൽകുന്ന ഏജൻസികളുടെ രജിസ്ട്രേഷനും ഇവരെ സംബന്ധിച്ചുള്ള വിവരങ്ങളും ഒഡെപെക് മുഖേന തൊഴിൽ വകുപ്പിൽ ലഭ്യമാണോ; അറിയിക്കാമോ; | (ബി) | ലഭ്യമല്ല. |
| (സി) | ഉദ്യോഗാർത്ഥികളും വിദ്യാർത്ഥികളും ഏജൻസികളുടെ വിശ്വാസ വഞ്ചനകളിൽപ്പെടാതിരിക്കുന്നതിന് ജാഗ്രതാ നടപടികൾ സ്വീകരിക്കാമോ; | (സി) | ഉദ്യോഗാർത്ഥികളും വിദ്യാർത്ഥികളും ഏജൻസികളുടെ വിശ്വാസ വഞ്ചനകളിൽപ്പെടാതിരിക്കുന്നതിന് സോഷ്യൽ മീഡിയ ,ഇൻസ്റ്റാഗ്രാം ,പത്രമാധ്യമങ്ങൾ തുടങ്ങിയവ മുഖേന ചുവടെ പറയും പ്രകാരം മാർഗ്ഗ നിർദേശങ്ങൾ നൽകുന്നുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ ഇന്ത്യൻ എമിഗ്രേഷൻ ആക്ട് 1983 പ്രകാരം പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റിൽ നിന്നും ലൈസൻസ് ലഭിച്ച ഏജൻസി മുഖേന മാത്രം ജോലി തേടാൻ ശ്രമിക്കുക. www.emigrate.gov.in എന്ന വെബ്-സൈറ്റിൽ പ്രസ്തുത ഏജൻസികളുടെ വിവരം ലഭ്യമാണ്. ഓഫർ ലെറ്ററിൽ പ്രതിപാദിക്കുന്ന തൊഴിലും വിസയിൽ പ്രതിപാദിച്ചിട്ടുള്ള തൊഴിലും ഒന്നാണെന്ന് ഉറപ്പാക്കുക. അതത് രാജ്യത്തെ നിയമവ്യവസ്ഥയും തൊഴിൽ നിയമങ്ങളും അനുസരിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഭാരത സർക്കാരിന്റെ വിദേശ മന്ത്രാലയം അതത് സമയത്ത് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിക്കുക. ജോലിക്കായി വിസിറ്റ് വിസയിലൂടെ വിദേശത്തേക്ക് പോകുന്നത് ഒഴിവാക്കണം. വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് spnrl.pol@kerala.gov.in, dyspnri.pol@kerala.gov.in വഴിയും, 0471-2721547 എന്ന ഹെൽപ്പ്ലൈൻ നമ്പറിലും പരാതികൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ വിദേശ തൊഴിൽ അന്വേഷകർക്ക് ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകുന്നതിന് PDOF, ഓപ്പറേഷൻ ശുഭയാത്ര തുടങ്ങിയവ നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്നുണ്ട് .<br><br>വിദേശ രാജ്യങ്ങളിൽ തൊഴിൽ അന്വേഷകർക്കായി നിയമപരവും സുരക്ഷിതവുമായ കുടിയേറ്റ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും തൊഴിൽ തട്ടിത്തട്ടിപ്പുകളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി നോർക്ക റൂട്ട്സ് പ്രീ ഡിപ്പാർച്ചർ ഓറിയൻ്റേഷൻ പ്രോഗ്രാം (PDOF) വിവിധ നഴ്സിംഗ് കോളേജുകളിലായി നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെന്റുകൾ, വീസ തട്ടിപ്പുകൾ എന്നിവയ്ക്കെതിരെ പ്രതിരോധനടപടികൾ സ്വീകരിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്, കേരളാ പോലീസ്, നോർക്ക റൂട്ട്സ് എന്നിവ സംയുക്തമായി നടപ്പാക്കുന്ന സംവിധാനമാണ് ഓപ്പറേഷൻ ശുഭയാത്ര. ഇതിന്റെ ഭാഗമായി വിദേശ തൊഴിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് spnrl.pol@kerala.gov.in, dyspnri.pol@kerala.gov.in ഉടങ്ങിയ e-mail ID, വഴിയും 24 മണിക്കൂറും പ്രവർത്തിക്കുന്ന 0471-2721547 എന്ന ഹെൽപ്പ് ലൈൻ നമ്പർ വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്. |
| (ഡി) | നിയന്ത്രണങ്ങളോ ആധികാരികതയോ ഇല്ലാത്ത ഇത്തരം സ്വകാര്യ ഏജൻസികളെ തടയാൻ നടപടി സ്വീകരിക്കാമോ; | (ഡി) | തൊഴിൽ വകുപ്പിൽ നിന്നും നടപടികൾ സ്വീകരിക്കുന്നില്ല. |
| (ഇ) | സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒഡെപെക് കുറ്റമറ്റതാക്കാനും കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാക്കാനും പ്രാപ്തമാക്കുമോ എന്ന് അറിയിക്കാമോ? | (ഇ) | കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ-സ്ഥാപനമായ ഒഡെപെക് നാളിതുവരെയും സമ്പൂർണ്ണ വിശ്വാസ്യതയോടെയും സുതാര്യതയോടെയും കാലതാമസമില്ലാതെയും സേവനങ്ങൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ